● സി.ആർ.നീലകണ്ഠൻ നമ്പൂതിരി

# ആട്, മാഞ്ചിയം, തേക്ക്... ഇപ്പോൾ ഐ.ടി. യും

**കോർപറേറ്റ് രാഷ്ട്രീയ തലങ്ങളിലെ കോടാനുകോടികളുടെ അഴിമതി തടയാൻ ഐടിക്കു ശേഷിയില്ലെന്ന വസ്തുത വെളിവാക്കുന്നതാണ് രണ്ടുമൂന്നു വർഷക്കാലമായി പാശ്ചാത്യ മുതലാളിത്തസമൂഹങ്ങളിലെ അനുഭവങ്ങൾ.**

വിവരസാങ്കേതികവിദ്യ എന്ന ഐടി സമൂഹത്തിന്റെയും ഭരണത്തിന്റെയും എല്ലാ തലങ്ങളിലും വ്യാപകമായാൽ പിന്നെയെല്ലാം സുതാര്യമാകുമെന്നും അഴിമതിയെന്നത് ഉണ്ടാകില്ലെന്നും മുതലാളിത്ത വാദികൾ മുതൽ കമ്മ്യൂണിസ്റ്റുകാർവരെ പ്രസംഗിക്കുന്നു. ജാതി-ജനന-വരുമാന സർട്ടിഫിക്കറ്റുകളും റേഷൻകാർഡും റെയിൽവേ ടിക്കറ്റും മറ്റും എളുപ്പം കിട്ടിയേക്കുമെന്നതിനാൽ സാധാരണക്കാരും ഇതേ അഭിപ്രായക്കാരാകുന്നു. പക്ഷേ കോർപറേറ്റ് രാഷ്ട്രീയ തലങ്ങളിലെ കോടാനുകോടികളുടെ അഴിമതി തടയാൻ ഐടിക്കു ശേഷിയില്ലെന്ന വസ്തുത വെളിവാക്കുന്നതാണ് രണ്ടുമൂന്നു വർഷക്കാലമായി പാശ്ചാത്യ മുതലാളിത്തസമൂഹങ്ങളിലെ അനുഭവങ്ങൾ. ജനനത്തിനു മുമ്പും മരണത്തിനു ശേഷവും പോലും കമ്പ്യൂട്ടറിനേയും ഐടിയേയും ആശ്രയിച്ചു ജീവിക്കുന്നവരാണല്ലോ അന്നാട്ടുകാർ. കണക്കുകൾ എല്ലാം തയ്യാറാക്കുന്നതും പരിശോധിക്കുന്നതും കമ്പ്യൂട്ടർ ഉപയോഗിച്ചാണവിടെ ചെയ്യുന്നത്. കമ്പ്യൂട്ടർ ശൃംഖല പ്രയോജനപ്പെടുത്തിയാൽ ഏതു വിവരവും ആർക്കും എവിടെയും കിട്ടുന്ന സ്വർഗ്ഗരാജ്യമാണല്ലോ അവിടം.

ആയിരക്കണക്കിനു കോടി ഡോളറിന്റെ ആസ്തിയും വിറ്റുവരവുമുള്ള വമ്പൻ സ്ഥാപനങ്ങൾ അനേകവർഷങ്ങളായി തട്ടിപ്പുകൾ നടത്തി സർക്കാരിനെയും ജനങ്ങളെയും അതിൽത്തന്നെ തൊഴിലാളികളെയും ഓഹരിയുടമകളെയും വഞ്ചിച്ചുകൊണ്ട് നിലനിന്നത് അന്നാട്ടിലാണ്. ഒരു സുപ്രഭാതത്തിൽ പെട്ടെന്ന് പാപ്പരായ നൂറുകണക്കിനു സ്ഥാപനങ്ങളിൽപ്പെട്ടവയാണ് എൻറോണും സീറോക്സും ഗ്ലോബൽ ക്രോസിങ്ങും അഡെൽഫിയയും ആർതർ ആന്റേഴ്സണുമെല്ലാം. നമ്മുടെ (ദരിദ്ര നാട്ടിലെ) ആട്, മാഞ്ചിയം, തേക്ക്, ബ്ലേഡ് തുടങ്ങിയ സംരഭങ്ങൾ കാണിക്കുന്ന സത്യസന്ധത പോലും ഇവർക്കില്ല. മത്സരാധിഷ്ഠിത മുതലാളിത്തമാണല്ലോ ജനാധിപത്യം. സർക്കാർ കയ്യും കെട്ടിയിരിക്കണം അല്ലെങ്കിൽ സർക്കാർ മുതലാളിത്തം. ലൈസൻസ് രാജ്' എന്നൊക്കെ വിളിച്ചുകൂവി ആക്ഷേപിക്കും. അവിടെയും സർക്കാർ വെറുതെയിരുന്നെങ്കിലും അതിലെ രാഷ്ട്രീയ ഉദ്യോഗസ്ഥ പ്രമാണികൾ കമ്പോളത്തെ ശക്തിപ്പെടുത്താനായി ഇടപ്പെടും സ്വന്തം കീശ നിറച്ചവരിൽ അമേരിക്കൻ പ്രസിഡണ്ടും വൈസ്പ്രസിഡണ്ടും വരെ പെടും. കൂട്ടത്തിൽ ഏറ്റവും പ്രശസ്തൻ എൻറോൺ ആയിരുന്നു. ധാബോൾ-കണ്ണൂർ നിലയങ്ങളുമായി ബന്ധപ്പെട്ട് ഈ പേര് ഇന്ത്യയിലും കേരളത്തിലും സുപരിചിതമാണ്. കാലിഫോർണിയയുടെ ചരിത്രത്തിൽ ആദ്യമായി പവർകട്ടും ബ്ലാക്ഔട്ടും (പൂർണ്ണമായും വൈദ്യുതിയില്ല) ബ്രൗൺ ഔട്ടും (ഇടക്കിടക്കു വരുന്ന വൈദ്യുതി) അനുഭവിക്കേണ്ടി വന്ന പ്രതിസന്ധിയുടെ പിന്നിൽ എൻറോണായിരുന്നു. ഊർജ്ജ രംഗത്ത് ലോകത്തിന്റെ പലഭാഗത്തും അവർ നടത്തിയ തട്ടിപ്പിന്റെ കഥകൾ നമുക്കിന്നു കുറെയൊക്കെ അറിയാം. എന്നാൽ ഐടി രംഗത്ത് അവർ നടത്തിയ വൻ ചതികളുടെ കഥകൾ ഇപ്പോൾ പുറത്തുവന്നു തുടങ്ങിയിട്ടേയുള്ളു. ഈയടുത്ത ദിവസം ന്യൂയോർക്ക് ടൈംസ് ഇതു സംബന്ധിച്ച ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു.

ഒരു വർഷത്തിലേറെ നീണ്ട അന്വേഷണത്തിൽ ദശലക്ഷക്കണക്കിനു രേഖകൾ പരിശോധിക്കുകയും അനേകം പേരെ ചോദ്യം ചെയ്യുകയും തെളിവെടുപ്പു നടത്തുകയും ചെയ്തതിനു ശേഷം അമേരിക്കയിലെ ഫെഡറൽ പ്രോസിക്യൂട്ടർമാർ ഈ തട്ടിപ്പു സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സാങ്കേതികവിദ്യയിൽ തങ്ങൾക്കില്ലാത്ത മികവുണ്ടെന്ന് കള്ളപ്രചരണം നടത്തി കമ്പോളത്തെ തെറ്റിദ്ധരിപ്പിച്ച് ഓഹരി വില കുത്തനെ ഉയർത്തി വൻ വെട്ടിപ്പു നടത്തിയ ഏഴുപ്രമുഖ കമ്പനി ഉദ്യോഗസ്ഥർക്കെതിരെയുള്ളതാണ് കേസ്. ഐ.ടി. അഴിമതി കുറയ്ക്കുന്നതിനു പകരം ആ മേഖല തന്നെ അഴിമതിയുടെ കേന്ദ്രമായി മാറ്റുകയാണുണ്ടായത്. ഈ കേസിന്റെ അന്തിമ വിധിയെ ബാധിക്കുന്നവർ തീർത്തും അപ്രതീക്ഷിതരായ ചിലരായിരിക്കും. മുൻ വിംബിൾഡൺ ചാമ്പ്യൻ പീറ്റ് സാംപ്രസ്, വർണർ ബ്രദേഴ്സ് എന്ന ഹോളിവുഡ് ഭീമനു വേണ്ടി ടി.വി. യിൽ കോമഡി ഷോ നടത്തുന്ന ഡ്രൂകാരേ, കൺട്രി മ്യൂസിക് അവാർഡ് പരിപാടി സംഘടിപ്പിക്കുന്ന ഷാനിയ ട്വയിൻ, ടി.വി. യിൽ ഹ്രസ്വ ചിത്രങ്ങൾ വീക്ഷിക്കുന്നവർ തുടങ്ങിയവരാകും ഈ നിർണ്ണായക സാക്ഷികൾ. ഇവരുടെ പരിപാടികൾ കൊഴുപ്പിക്കുന്നതിനാവശ്യമായ സോഫ്ട് വെയർ തങ്ങളുടെ പക്കലുണ്ടെന്ന് എൻറോൺ ബ്രോഡ്ബാന്റ് സർവ്വീസ് (ഇ.ബി.എസ്) എന്ന കമ്പനി അവകാശപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ആ കരാറുകൾ നേടുകയും ചെയ്തു. ഇതു വഴി കമ്പനിയുടെ ഓഹരി വില കുതിച്ചുയർന്നു.

പക്ഷെ കള്ളപ്രചരണത്തിലൂടെ ഓഹരി വില ഉയർത്തിയത് തെറ്റാണെന്നു സ്ഥാപിച്ച് ഇവരെയൊക്കെ ശിക്ഷിപ്പിക്കാൻ പ്രോസിക്യൂട്ടർമാർ ഏറെ പാടുപെടേണ്ടി വരുമെന്നാണ് വിദഗ്ദർ പറയുന്നത്. കുറ്റം ചെയ്തതായി എല്ലാവർക്കും അറിയാമെങ്കിലും. സോഫ്ട്‌വെയർ രംഗത്ത് ഇത്തരം തട്ടിപ്പുകൾ സാധാരണമാണത്രേ. മൈക്രോ

സോഫ്ടിന്റെ പല തട്ടിപ്പുകളെപ്പറ്റിയും ഇവർ ചൂണ്ടിക്കാട്ടുന്നുമുണ്ട്. ഒരു സോഫ്ട്‌വെയർ വികസിപ്പിക്കാൻ തുടങ്ങുമ്പോൾത്തന്നെ, അത് തങ്ങളുടെ കയ്യിലുണ്ടെന്നും അതിന് ഒട്ടേറെ ഗുണഗണങ്ങളുണ്ടെന്നും ഇവർ പ്രചരിപ്പിക്കും. യഥാർത്ഥ ഉൽപ്പന്നം തയ്യാറായി കഴിയുമ്പോൾ ഇപ്പറഞ്ഞ മെച്ചമൊന്നുമുണ്ടാകില്ല. എന്നാൽ ഇവരുടെ അവകാശവാദങ്ങൾ വിശ്വസിച്ച കുറേപ്പേരുടെ പണം പോയതു മാത്രം മിച്ചമാകും.

പുസ്തകത്തിനു പുറത്തുള്ള (കള്ളക്കളി) കണക്കുകളിലൂടെയാണു തട്ടിപ്പു നടത്തുക. പങ്കു കച്ചവടത്തിലെ ചില പഴുതുകൾ ഇതിനായി വിനിയോഗിക്കപ്പെടുന്നു. മറ്റു തട്ടിപ്പുകളിലെന്നപോലെത്തന്നെ. കമ്പനിയുടെ ചീഫ് ധനകാര്യ മാനേജരായ ആൻഡ്രു എസ് ഫാസ്റ്റോവ് ആണ് ഒന്നാം പ്രതി. ഉൽപന്ന വികസനം പൂർത്തിയാകാറാകുമ്പോഴേക്കും അതിന്റെ പരിമിതികൾ ഡയറക്ടർമാരടക്കമുള്ള ഉന്നതർക്കു ബോധ്യമായിരിക്കും. ഇതൊന്നുമറിയാത്ത ജനങ്ങൾ വൻ തുക നൽകി ഓഹരികൾ വാങ്ങിക്കൂട്ടും. ഈ തക്കത്തിൽ ഉന്നതർ തങ്ങളുടെ കയ്യിലുള്ള ഓഹരികൾ (കൂടിയ വിലക്ക്) കമ്പോളത്തിൽ വിറ്റ് പണം കയ്യിലാക്കിയിരിക്കും. ഇതെല്ലാം രഹസ്യനടപടിയാണ്. ആന്തരിക രഹസ്യമറിയാവുന്നവരെന്ന നിലക്ക് ഇത്തരം വ്യാപാരങ്ങൾ നടത്തുന്നത് ഓഹരിക്കമ്പോള നിയമമനുസരിച്ച് കുറ്റകരമാണെന്നതു ശരി.

ഇതുപോലെത്തന്നെ എൻറോൺ സ്വന്തമായി ഒരു ഓപ്പറേറ്റിങ്ങ് സിസ്റ്റം എന്ന സോഫ്ട്‌വെയർ (മൈക്രോസോഫ്ടിന്റെ വിൻഡോസ് പോലുള്ള അടിസ്ഥാന സോഫ്ട്‌വെയർ) തയ്യാറാക്കിയെന്ന അവകാശവാദവും തട്ടിപ്പായിരുന്നു. തങ്ങൾ ഈ സോഫ്ട്‌വെയർ തയ്യാറാക്കിയിരുന്നുവെന്നും അതിനു പ്രതീക്ഷിച്ച ശേഷിയില്ലായിരുന്നുവെന്നതു ശരിയാണെന്നും അധികൃതർ പറയുന്നു. ഇതു തന്നെ മൈക്രോസോഫ്ട് ചെയ്യുന്നുണ്ടെന്ന ഒഴിവുകഴിവ് ഇവിടെയും ആവർത്തിക്കുന്നു.

ഇവരുടെ ഉൽപ്പന്നങ്ങൾ 'വെറും പൊളി'യാണെന്ന സത്യം ഇവർക്കു നന്നായറിയാമായിരുന്നുവെന്നതിനു ചില തെളിവുകളുണ്ടെന്നു പ്രോസിക്യൂട്ടർമാർ പറയുന്നു. വികസന വിഭാഗം ഡയറക്ടറായിരുന്ന ബിൽ കോളിൻസിന്റെ ഇ-മെയിൽ സന്ദേശം അവർ തെളിവായി ഉയർത്തിക്കാട്ടുന്നു. ശേഷിയില്ലെന്നറിഞ്ഞിട്ടും ഇത്രയേറെ സങ്കീർണ്ണമായ കരാറുകൾ എന്തിനേറ്റെടുത്തുവെന്നതാണ് പ്രോസിക്യൂട്ടർമാരുടെ ചോദ്യം.

തങ്ങളുടെ ഉൽപന്നങ്ങൾക്ക് പ്രതീക്ഷിച്ച മെച്ചങ്ങളുണ്ടെന്ന് ഈ അധികൃതർ 'യഥാർത്ഥത്തിൽ വിശ്വസിച്ചിരുന്നില്ല' എന്നാണ് പ്രോസിക്യൂഷൻ തെളിയിക്കേണ്ടത് ഇതാണ് പ്രധാന പ്രശ്നവും. ഒരാൾ ഒരു കാര്യം 'യഥാർത്ഥത്തിൽ വിശ്വസിച്ചിരുന്നുവോ? എന്നു കണ്ടെത്തൽ പ്രയാസമാണ്.

ഇക്കണക്കിനു നോക്കിയാൽ നമ്മുടെ നാട്ടിലെ ആട്, മാഞ്ചിയം, തേക്ക്, മണിചെയിൻ ഇടപാടുകാരാരും കുറ്റക്കാരാണെന്നു സ്ഥാപിക്കാനാവില്ല. ഇപ്പോൾ രണ്ടായിരം രൂപ മുടക്കിയാൽ ഇവയിൽ നിന്നും (തേക്കും മാഞ്ചിയവും വളർന്നും ആടു പെറ്റുപെരുകിയും മറ്റും) വർഷങ്ങൾക്കു ശേഷം ഇരുപതു ലക്ഷം കിട്ടുമെന്ന് തങ്ങൾ വിശ്വസിച്ചിരുന്നുവെന്ന് സ്ഥാപിക്കാനായാൽ മാത്രം മതി, രക്ഷപ്പെടാം.

ഫലശ്രുതിയെല്ലാം ഒന്നാണ്. 'മത്സരാധിഷ്ഠിത കമ്പോള വ്യവസ്ഥയിൽ' ആർക്കും ഏതു വെട്ടിപ്പും തട്ടിപ്പും നടത്തി പണമുണ്ടാക്കാം. അതുണ്ടാക്കുന്നവർ മിടുക്കന്മാർ. അതാണ് ഈ വ്യവസ്ഥയുടെ (അ)നീതി. ഇതിനെ ചോദ്യം ചെയ്താൽ നിങ്ങൾ സർക്കാർ മുതലാളിത്തവാദിയായി, ലൈസൻസ്‌രാജ് വക്താവായി. അതുകൊണ്ടിതെല്ലാം സഹിക്കുക. ●

# ലാലൂരിൽ നടക്കുന്നതെന്ത്?

**ലാലൂർ മലിനീകരണ വിരുദ്ധ സമരസമിതി**

ലാലൂരിൽ മാലിന്യ സംസ്ക്കരണത്തിനുവേണ്ടി ഒർഗേവർ യന്ത്രം അവിടെ സ്ഥാപിക്കുന്നതിനു മുമ്പായി തൃശൂർ കോർപ്പറേഷൻ ലാലൂർ നിവാസികൾക്ക് നൽകിയിരുന്ന വാഗ്ദാനങ്ങളും നിലവിലുള്ള അവസ്ഥകളും.

1. ലാലൂരിലെ മൊത്തം മാലിന്യം സംസ്ക്കരിക്കാൻ ശേഷിയുള്ള ഒരു യന്ത്രമാണ് ഒർഗേവർ യന്ത്രം എന്നായിരുന്നു ലാലൂരിലെ ജനതയെയും ഹൈക്കോടതിയേയും കോർപ്പറേഷൻ ധരിപ്പിച്ചിരുന്നത്. എന്നാൽ ലാലൂരിൽ ദിനംപ്രതി വന്നുകൊണ്ടിരിക്കുന്ന മാലിന്യത്തിന്റെ മൂന്നിലൊരു ഭാഗം പോലും ഈ യന്ത്രം കൊണ്ട് സംസ്ക്കരിക്കാൻ കഴിയുന്നില്ല എന്നതാണ് സത്യം.

2. പിന്നീട് ഒരു ഒർഗേവർ യന്ത്രംകൊണ്ട് മാത്രം സംസ്ക്കരിക്കാൻ കഴിയുന്നതല്ല ലാലൂരിൽ വന്നുകൊണ്ടിരിക്കുന്ന മാലിന്യം എന്ന് ബോധ്യപ്പെട്ടപ്പോൾ, ഇടക്കാല സംവിധാനം എന്ന നിലയിൽ അവശേഷിക്കുന്ന മാലിന്യം താൽക്കാലികമായി, മൂന്ന്മാസങ്ങൾ മാത്രമേ കുഴിച്ചുമൂടുകയുള്ളൂ എന്നും, അതിനിടയിൽ വികേന്ദ്രീകരിച്ചുള്ള മാലിന്യ സംസ്ക്കരണം മൂലം ലാലൂരിലേക്ക് വരുന്ന മാലിന്യത്തിന്റെ തോത് കുറക്കുമെന്നും ഒരു ഒർഗേവർ യന്ത്രം കൂടി സ്ഥാപിച്ചാൽ പിന്നെ മാലിന്യം കുഴിച്ചുമൂടുന്നതിന്റെ ആവശ്യമേ വരികയില്ല എന്നും കോർപ്പറേഷൻ അധികാരികൾ ലാലൂർ നിവാസികളെ ധരിപ്പിച്ചിരുന്നു. (ബഹുമാനപ്പെട്ട ഹൈക്കോടതിയും താൽക്കാലികമായി മാത്രമേ മാലിന്യം കുഴിച്ചുമൂടാൻ അനുവദിച്ചിട്ടുള്ളൂ. കോടതി നൽകിയ സമയം കഴിഞ്ഞിട്ടും കുഴിച്ചുമൂടൽ തുടരുന്നു)

3. ലാലൂർ സംസ്ക്കരണ ശാലയിൽ എത്തിച്ചേരുന്ന മാലിന്യം കുന്നുകൂട്ടി ഇടാതെ അന്നന്നുതന്നെ അതിന്റെ സംസ്ക്കരണ പ്രക്രിയകൾ ആരംഭിക്കണമെന്നും, അങ്ങനെ പരിസരമലിനീകരണം ഇല്ലാതാക്കാമെന്നും കോർപ്പറേഷൻ ലാലൂർ ജനതയ്ക്ക് ഉറപ്പുനൽകിയിരുന്നു.

4. സംസ്ക്കരണ ശാലയിൽ കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങളിൽ നിന്നും ഊർന്നിറങ്ങുന്ന മലിന ജലം നേരിട്ട് മണ്ണിനടിയിലേക്ക് താഴ്ന്നിറങ്ങാൻ അനുവദിക്കാതെ കോൺക്രീറ്റ് പിറ്റുകളിൽ ശേഖരിച്ച് ശുദ്ധീകരിച്ച് പരിസരവാസികൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധം നിർമാർജ്ജനം ചെയ്യുമെന്നും കോർപ്പറേഷൻ പറഞ്ഞിരുന്നു.

ലാലൂരിന് ശാപമോക്ഷം ഇനിയെന്ന്? ●